# പടവുകൾ

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 – 2026

ഗവ.ബി.വി.യു.പി.എസ്, കീഴാറ്റിങ്ങൽ

കീഴാറ്റിങ്ങൽ.പി.ഒ. ആറ്റിങ്ങൽ ഉപജില്ല

തിരുവനന്തപുരം പിൻ–695306

Ph: 8590752310, Email: gbvups2012@gmail.com

## ആമുഖം

"ഒരു ശിശുവിന്റെ ശരീരത്തിലും
മനസ്സിലും ആത്മാവിലും ഉള്ള
ഏറ്റവും നല്ലതിനെ
വികസിപ്പിയ്ക്കുന്നതാണ് വിദ്യാഭ്യാസം"
– ഗാന്ധിജി

"തെറ്റ് അകറ്റുകയും സത്യം
കണ്ടെത്തുകയും ചെയ്യുക
എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം"
– സോക്രട്ടീസ്

വിദ്യാസമ്പന്നരായ ഒരു ജനത ഒരു രാജ്യത്തിന്റെ മുതൽക്കൂട്ടാണ് സാമ്പത്തികവും, രാഷ്ട്രീയവും, ശാസ്ത്രീയവും, സംസ്കാരികവുമായ എല്ലാ വളർച്ചയ്ക്കും സാക്ഷരത അനിവാര്യമാണ് മനുഷ്യനെ മറ്റെല്ലാ ജീവികളിൽനിന്നും വ്യത്യസ്തനാക്കുന്നത് ചിന്താശേഷിയും വിവേകബുദ്ധിയുമാണ് വിദ്യാഭ്യാസം ഈ കഴിവുകളെ കൂടുതൽ പുഷ്ടിപ്പെടുത്തുന്നു രാജ്യത്തിന്റെയും സമൂഹത്തിന്റെയും വികസനത്തിന് വിദ്യാഭ്യാസം കൂടിയേ തീരു. കാലത്തിന്റെയും ദേശത്തിന്റെയും മാറി വരുന്ന അഭിരുചികൾക്കും അവബോധങ്ങൾക്കുമനുസരിച്ച് നിരന്തരം നവീകരിയ്ക്കപ്പെട്ടുകൊണ്ടാണ് വിദ്യാഭ്യാസം വളരുന്നത്. കുട്ടികളുടെ അറിവ്. കഴിവ്, മനോഭാവം, മൂല്യബോധം ഇവയെല്ലാം വിദ്യാഭ്യാസം സമഗ്രമായി സ്വാധീനിയ്ക്കുന്നു ചുരുക്കത്തിൽ വിദ്യാഭ്യാസം തടാകം പോലെ നിശ്ചലമായി നിലകൊള്ളേണ്ടതല്ല പുഴ പോലെ നിരന്തരം ഒഴുകിക്കൊണ്ടിരിയ്ക്കേണ്ടതാണ്. കേരളത്തിലെ സമകാലിക വിദ്യാഭ്യാസ ചരിത്രം ഈ ചലനാത്മകതയെ അടയാളപ്പെടുത്തുന്നു എന്നത് അഭിമാനാർഹമായ സംഗതിയാണ്

സാധാരണ മനുഷ്യന് അറിവിന്റെ വെളിച്ചം പകർന്നു നൽകുന്നതിൽ പൊതു വിദ്യാലയങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണ്. അറിവിന്റെ കൊടുക്കൽ വാങ്ങലുകൾക്ക് കൂടുതൽ സാധ്യതയൊരുക്കുന്ന സ്ഥാപനങ്ങളായി ഇന്ന് വിദ്യാലയങ്ങൾ മാറിക്കഴിഞ്ഞു. കീഴാറ്റിങ്ങൽ പ്രദേശത്തിന്റെ ചരിത്രത്തിൽ നിർണായക സ്വാധീനം ചെലുത്തിയ വിദ്യാലയമാണ് ഗവ.ബി.വി.യു.പി.എസ്. ഈ

പ്രദേശത്തെ നിരവധി സാമൂഹിക, സാംസ്കാരിക നായകൻമാർക്ക് അക്ഷരവിദ്യ പകർന്നു നൽകി മാതൃകാ സ്ഥാപനമായി അത് നിലകൊള്ളുന്നു. അറിവ് നേടുക എന്നത് കുട്ടികളുടെ അവകാശമാണ് കുട്ടികളുടെ ഈ അവകാശം പ്രാപ്യമാക്കുക എന്നതാണ് നമ്മുടെ വിദ്യാലയത്തിന്റെ ആത്യന്തികമായ ലക്ഷ്യം സമൂഹത്തിന്റെ വ്യത്യസ്ത തലങ്ങളിൽ നിന്നു വരുന്ന കുട്ടികളുടെ കഴിവുകളും, പരിമിതികളും മനസ്സിലാക്കി ഗുണപരമായ വിദ്യാഭ്യാസം അവർക്ക് നൽകാനാണ് സ്കൂൾ ശ്രമിക്കുന്നത്. ഇത് സാധ്യമാകണമെങ്കിൽ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങളിലും, പഠനരീതികളിലും നിരവധി മാറ്റങ്ങൾ വരുത്തേണ്ടിയിരിക്കുന്നു. സാമൂഹ്യ നന്മയ്ക്കുതകുന്ന ചിന്താശേഷിയുള്ള പ്രവർത്തനനിരതമായ കുട്ടികളെ വാർത്തെടുക്കുകയാണ് വിദ്യാലയം ലക്ഷ്യമിടുന്നത്

# വിദ്യാലയചരിത്രം

തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ രാജ കൊട്ടാരത്തിനു സമീപത്തായി കിഴാറ്റിങ്ങൽ എന്ന കൊച്ചു ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന മേലൂട്ട് വീട് എന്ന അതിപുരാതനമായ വീട്ടിലെ ഭഗവതിയമ്മാൾ എന്ന പണ്ഡിത ശ്രേഷ്ഠ നിർമ്മിച്ച കുടിപ്പള്ളിക്കൂടമാണ് ഇന്നത്തെ ഗവ.ബി.വി.യു.പി.എസ് കിഴാറ്റിങ്ങൽ. ഈ സ്കൂൾ നിർമ്മിതമായ കൃത്യമായ വർഷം അറിയാൻ സാധിച്ചിട്ടില്ലെങ്കിലും ഏകദേശം നൂറുവർഷത്തോളം പഴക്കം ഉള്ളതായി പറയപ്പെടുന്നു. ആദ്യകാലത്ത് മൺ ചുമരുകളാൽ നിർമ്മിതമായ ഓലമേഞ്ഞ ഒറ്റമുറി മാത്രമുള്ളതായിരുന്നു.

ഭഗവതിയമ്മാൾ കുട്ടികളെ നിലത്തെഴുത്ത് പഠിപ്പിച്ചിരുന്നു. അക്കാരണത്താൽ അവരെ ആശാട്ടി എന്ന അപരനാമത്തിലായിരുന്നു അറിയപ്പെട്ടിരുന്നത്. രാമായണം, മഹാഭാരതം എന്നീ മഹത്ഗ്രന്ഥങ്ങൾ വായിക്കാനുള്ള കഴിവിൽ പ്രകീർത്തിച്ചുകൊണ്ട് കൊട്ടാരത്തിൽ നിന്നും കസവുപുടവ നൽകി ആദരിച്ചിരുന്നതായി പറയപ്പെടുന്നു.

ബ്രാഹ്മണർക്കും നായർ സമുദായക്കാർക്കും മാത്രം പ്രവേശനം നൽകിയിരുന്ന മറ്റൊരു കുടിപ്പള്ളിക്കൂടം ഈ പ്രദേശത്ത് ഉണ്ടായിരുന്നതായും അവിടെ മറ്റു ജാതിക്കാരുടെ കുട്ടികളെ പഠിക്കാൻ അനുവദിച്ചിരുന്നില്ല എന്നും പറയപ്പെടുന്നു. ഇക്കാരണങ്ങളാൽ ഈ പ്രദേശങ്ങളിലുള്ള പിന്നാക്ക വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ സൗകര്യം ലഭിച്ചിരുന്നില്ല. ഇത് മനസ്സിലാക്കിയ ഭഗവതിയമ്മാൾ തന്റെ പുരയിടത്തിൽ ഒരു കുടിപ്പള്ളിക്കൂടം സ്ഥാപിക്കാൻ തീരുമാനിക്കുകയും ആദ്യകാല അധ്യാപകരായി തന്റെ മകളായ കാർത്ത്യായനിയമ്മാളെയും അവരുടെ ഭർത്താവ് ജനാർദ്ദനൻ വാദ്ധ്യാരെയും നിയമിക്കുകയും ചെയ്തു. കാർത്ത്യായനി അധ്യാപനവൃത്തിയിൽ കയറി ഒരു വർഷം കഴിഞ്ഞാണ് ട്രെയിനിംഗിനു പോയത്.

ഈ സ്കൂൾ സ്ഥാപകയുടെ കുടുംബപേരായ മേലൂട്ട് സ്കൂൾ എന്നറിയപ്പെടുന്നു. ഈ സ്കൂൾ ഇന്നും സ്ഥലസൗകര്യമില്ലാതെ വളരെ ബുദ്ധിമുട്ടുകയാണ്. ഇരുന്നൂറോളം കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിന് ആവശ്യമായ കളിസ്ഥലം ഇല്ല. സാധാരണക്കാരുടെ മക്കളാണ് ഈ സ്കൂളിൽ പഠിക്കുന്നവരിൽ ഭൂരിഭാഗവും. ഇത്രയും പരിമിതമായ സാഹചര്യങ്ങളിൽക്കൂടി പഠിച്ചിറങ്ങിയ വളരെയധികം വിദ്യാർത്ഥികൾ ഇന്ന് ഉന്നത നിലയിൽ എത്തിയിരിക്കുന്നതുവെന്നത് ഭഗവതി വിലാസം സ്കൂളിന് അഭിമാനിക്കാവുന്ന കാര്യങ്ങളാണ്.

മാനേജരായിരുന്ന കൃഷ്ണനാശാരി സർക്കാരിന്റെ ഗ്രാൻഡ് കിട്ടാനുള്ള കാലതാമസവും അധ്യാപകർക്ക് ശമ്പളം കൊടുക്കുവാനുള്ള ബുദ്ധിമുട്ടും കാരണം 1950-ടു കൂടി സർക്കാരിന് വിട്ടുകൊടുക്കുകയുണ്ടായി. ഈ പ്രദേശത്ത് വേറെ സ്കൂളുകളില്ലാത്തതിനാൽ ധാരാളം കുട്ടികൾ ഈ സ്കൂളിൽ പഠിക്കാൻ എത്തിയിരുന്നു. ഇത് സ്ഥലസൗകര്യം വർദ്ധിപ്പിക്കേണ്ടതിന്റെയും കെട്ടിടങ്ങൾ കെട്ടേണ്ടതിന്റെയും ആവശ്യകത വർദ്ധിപ്പിച്ചു. ഭൂമി കിട്ടുന്നതിന് വളരെ ബുദ്ധിമുട്ടായിരുന്നെങ്കിലും പരിസരവാസികളും നാട്ടുകാരും ചേർന്ന് കുറച്ചു ഭൂമി വിട്ടുകൊടുക്കുകയും സ്കൂളിന് പുതിയ കെട്ടിടങ്ങൾ കെട്ടാൻ സർക്കാർ തീരുമാനിക്കുകയും ചെയ്തു. വളരെ വർഷക്കാലം പ്രൈമറി സ്കൂളായി പ്രവർത്തിച്ചിരുന്ന ഈ സ്കൂളിനെ നാട്ടുകാരുടെയും രക്ഷകർത്താക്കളുടെയും നിരന്തര പരിശ്രമഫലമായി 1951-ഓടു കൂടി അപ്പർ പ്രൈമറി സ്കൂളായി ഉയർത്തുകയുണ്ടായി

## നിലവിൽ വിദ്യാലയം - മികവുകളും പരിമിതികളും

നിലവിൽ വിദ്യാലയത്തിൽ പ്രി പ്രൈമറി, LP, UP വിഭാഗങ്ങളിലായി 160 ഓളം കുട്ടികളാണ് പഠിക്കുന്നത്. (ഓരോ ഡിവിഷൻ വീതം). പ്രധാനാധ്യാപകൻ ഉൾപ്പെടെ 9 അധ്യാപകരാണുള്ളത്. രണ്ട് അനധ്യാപകരും സ്കൂളിൽ ജോലി ചെയ്തു വരുന്നു. ഓരോ ക്ലാസുകളിലും ഇംഗ്ലീഷ്, മലയാളം മീഡിയങ്ങളിൽ പഠിയ്ക്കുന്ന കുട്ടികൾ ഉണ്ട്. എൽ.പി വിഭാഗം പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിൽ Separation Hall ഇല്ലാത്തതിന്റെ ബുദ്ധിമുട്ടുകൾ നന്നായി അനുഭവപ്പെടുന്നുണ്ട്. U.P വിഭാഗം പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന്റെ അവസ്ഥ നന്നല്ല. ആയതിനാൽ ഒരു പുതിയ കെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി MLA യ്ക്കു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. സ്കൂൾ കോമ്പൗണ്ടിൽ പൊതുവെ സ്ഥലപരിമിതിയുണ്ട്. കുട്ടികൾക്ക് പ്രത്യേക കളിസ്ഥലം ഇല്ല. പൊതുയോഗങ്ങൾ സംഘടിപ്പിയ്ക്കുന്നതിനുള്ള ഓഡിറ്റോറിയം ഇല്ലാത്തത് ക്ലാസ് പ്രവർത്തനങ്ങൾ തടസ്സപ്പെടാനും ഇടയാക്കുന്നു. ലാബ് ലൈബ്രറി എന്നിവയ്ക്ക് പ്രത്യേക മുറികൾ ഇല്ല. കഴിഞ്ഞ പത്തു വർഷമായി പ്രി പ്രൈമറി വിഭാഗം പ്രവർത്തിച്ചു വരുന്നു. തുടക്കത്തിൽ പി.ടി.എ യാണ് നടത്തി വന്നിരുന്നത്. ഇപ്പോൾ പഞ്ചായത്തിൽ നിന്നും ഓണറേറിയം ലഭിക്കുന്നുണ്ട്. ഗവൺമെന്റ് അംഗീകരിക്കുമെന്ന പ്രതീക്ഷയിലാണ് ഇപ്പോൾ. പ്രി-പ്രൈമറി വിഭാഗത്തിലേയ്ക്കും സ്കൂൾ വിഭാഗത്തിലേക്കും വേണ്ട ഫർണിച്ചറുകളും പരിമിതമാണ്. കൊച്ചു കുട്ടികൾക്കാവശ്യമായ കളിയുപകരണങ്ങളോ പാർക്കോ ഇല്ല.

ഇവിടെ പഠനം നടത്തുന്ന കുട്ടികളിലധികവും സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവരാണ്. ആയതിനാൽ രക്ഷിതാക്കളിൽ നിന്നുള്ള പഠന പിന്തുണ വളരെ കുറവാണ്. സാമൂഹിക പങ്കാളിത്തമുണ്ടെങ്കിലും സാമ്പത്തിക സഹായങ്ങൾ പരിമിതമായി മാത്രമേ ലഭിയ്ക്കുന്നുള്ളൂ. അധികപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഇത് ഒരു തടസ്സമായി അനുഭവപ്പെടുന്നു. എം.എൽ.എ ഫണ്ടുപയോഗിച്ച് 2018-19 അധ്യയവർഷത്തിൽ ഒരു സ്കൂൾ വാഹനം ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികളുടെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഗണിച്ച് പരിമിതമായ ഫീസാണ് ഈടാക്കി എടുക്കുന്നത്. ആയതിനാൽ വാഹനവുമായി ബന്ധപ്പെട്ട എല്ലാ ചിലവുകളും നടത്തുന്നതിന് പര്യാപ്തമായ തുക ലഭ്യമാകുന്നില്ല. വർഷം തോറും അധ്യാപകരുടെ ഭാഗത്തുനിന്നുള്ള സാമ്പത്തിക സഹായത്താലാണ് സ്കൂൾ വാഹനവുമായി ബന്ധപ്പെട്ട ചിലവുകൾ നടത്തി വരുന്നത്.

വായന പരിപോഷിപ്പിക്കുന്നതിനായി 'വായനച്ചങ്ങാത്തം' എന്ന പരിപാടി നടത്തി വരുന്നു. ക്ലാസ് ലൈബ്രറി സജ്ജമാക്കുകയും കുട്ടി ലൈബ്രേറിയന്മാരെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. വായനയുടെ പിരിയഡിൽ കുട്ടി ലൈബ്രേറിയന്മാർ കുട്ടികൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്യുകയും കുട്ടികൾ വീടുകളിൽ കൊണ്ടുപോയി പുസ്തകങ്ങൾ വായിക്കുകയും വായനക്കുറിപ്പുകൾ തയാറാക്കി അസംബ്ലിയിൽ അവതരിപ്പിക്കുകയും ചെയ്യുന്നു

കലാപരിപോഷണത്തിനായി ടാലന്റ് ലാബ്/ടാലന്റ് കോർണർ പരിപാടി നടപ്പിലാക്കി വരുന്നു. കായിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി നടപ്പിലാക്കിയ 'കായികഗ്രാമം' പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. വളരെ സജീവമായി പ്രവർത്തിക്കുന്ന SMC, PTA, MPTA എന്നി കമ്മിറ്റികൾ നിലവിലുണ്ട്. ഉച്ചഭക്ഷണ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ പാചകപ്പുര, ഊട്ടുപുര എന്നിവയും ഉണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ടുപയോഗിച്ച് പോഷക സമൃദ്ധമായ പ്രഭാതഭക്ഷണവും നൽകി വരുന്നു. ശാസ്ത്രപഠനത്തിനും സഹായകമാകുന്ന തരത്തിലുള്ള ഒരു ജൈവ വൈവിധ്യ ഉദ്യാനവും ഉണ്ട്.

**കുട്ടികളുടെ എണ്ണം**

| വർഷം | കുട്ടികളുടെ എണ്ണം |
|---|---|
| 2019-2020 | 135 |
| 2020 2021 | 157 |
| 2021-2022 | 171 |
| 2022 –2023 | 170 |
| 2023-2024 | 167 |
| 2024-2025 | 158 |

കഴിഞ്ഞ കുറച്ചു വർഷങ്ങളായി കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്നുവെങ്കിലും ഡിവിഷനുകളുടെ എണ്ണം കൂടുന്ന തരത്തിൽ കുട്ടികളുടെ എണ്ണം വർധിക്കുന്നില്ല. അൺ-എയ്ഡഡ്, എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങളുടെ സാമീപ്യവും ഒരു പരിധിവരെ കുട്ടികളുടെ എണ്ണം കുറയുന്നതിനു കാരണമാകുന്നു. വിദ്യാലയ മികവുകൾ ഫലപ്രദമായി പൊതുസമൂഹത്തിലെത്താത്തതും പൊതു വിദ്യാഭ്യാസത്തെക്കുറിച്ചുള്ള മിഥ്യാധാരണയും ഒരു വിഭാഗം രക്ഷിതാ

ക്കൾക്ക് വിദ്യാലയ മികവുകൾ ബോധ്യപ്പെടാത്തതും കുട്ടികളുടെ എണ്ണം വർധിക്കുന്നതിന് തടസമാകുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്ന തരത്തിലേക്ക് വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങളും അക്കാദമിക നിലവാരവും ഇനിയും മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കുട്ടികളിൽ അവസ്ഥാപഠനം നടത്തി അവരുടെ പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുതകുന്ന തരത്തിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് എസ് ആർ ജി തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ പി ടി എ, എസ്.എം.സി, എം പി ടി എ സംയുക്തയോഗത്തിൽ അവതരിപ്പിച്ച് ചർച്ച ചെയ്താണ് അന്തിമ രൂപം തയ്യാറാക്കിയത്.

**അധ്യാപകർ**

| അധ്യാപകർ | എണ്ണം | സ്ഥിരം/താൽക്കാലികം |
|---|---|---|
| പ്രധാനാധ്യാപകൻ | 1 | സ്ഥിരം |
| UPST | 3 | 2 സ്ഥിരം, Deployment (1) |
| LPST | 4 | സ്ഥിരം |
| പാർട് ടൈം ഹിന്ദി (PT.Benifit) | 1 | താൽക്കാലികം |

ഇവിടെ ജോലി ചെയ്യുന്ന അധ്യാപകരിൽ ഒരാൾ 20 വർഷത്തിലധികവും 2 പേർ പതിനഞ്ചുവർഷത്തിലധികവും 2 പേർ 5 വർഷവും ഒരാൾ 5 വർഷത്തിനു താഴെയും പ്രവൃത്തി പരിചയമുള്ളവരാണ്.

## പൊതുലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും മലയാളം, ഇംഗ്ലീഷ്, ഹിന്ദി (യു.പി.തലത്തിൽ) ഭാഷകൾ എഴുതുന്നതിനും വായിക്കുന്നതിനും സംസാരിക്കുന്നതിനും പ്രാപ്തരാക്കുക.
- വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് എന്നിവ മെച്ചപ്പെട്ട രീതിയിൽ തയ്യാറാക്കുക.
- മികച്ച രീതിയിലുള്ള ഡയറി എഴുത്ത് (ദൈനംദിനമായി രേഖപ്പെടുത്തുക)
- Reproduce stories
- Develop interest in writting review of books
- Enable children to express thoughts and feelings.
- ഹിന്ദിയിൽ കത്തെഴുതാൻ പ്രാവീണ്യം നേടുക.
- ഹിന്ദി കമ്പ്യൂട്ടിങ് പരിശീലനം നേടുക.
- ഹിന്ദി ഭാഷാപത്രം തയ്യാറാക്കുക
- ഭൂപട വായന
- ചരിത്രസ്മാരകങ്ങൾ ആൽബം തയാറാക്കുക.
- പരീക്ഷണങ്ങൾ കൃത്യതയോടെ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ജൈവ വൈവിധ്യ ഉദ്യാനം വിവിധ വിഷയങ്ങളുടെ പഠനത്തിനായി ഉപയോഗിക്കുന്നു.
- വിവിധ ശാസ്ത്രോപകരണങ്ങൾ നിർമ്മിക്കുവാൻ കഴിയുന്നു
- എല്ലാ കുട്ടികളിലും സ്ഥാനവില, ചതുഷ്ക്രിയ എന്നിവ ഉറപ്പിക്കുന്നു.
- ഗണിതലാബ് സജ്ജീകരിക്കുക.
- കൈത്തൊഴിൽ പരിശീലനം നേടുക.
- ടാലന്റ് ലാബ് പ്രവർത്തനങ്ങൾ
- ജീവോജീവ്യ പഠനം
- ഡിജിറ്റൽ മാഗസിൻ

# പ്രവർത്തന കലണ്ടർ
## 2025 - 2026

| ക്രമ. നം. | പ്രവർത്തനങ്ങൾ | മാസം | ചുമതല |
|---|---|---|---|
| 1 | [illegible] | ജൂൺ | ക്ലാസ് അധ്യാപിക |
| 2 | Reading and writing | June | English Teacher |
| 3 | നിരീക്ഷണം | ജൂൺ | ക്ലാസ് അധ്യാപിക |
| 4 | സംഖ്യാബോധം | ജൂൺ | ക്ലാസ് അധ്യാപിക |
| 5 | മലയാളത്തിളക്കം പ്രവർത്തനങ്ങൾ | ജൂൺ | ക്ലാസ് അധ്യാപിക |
| 6 | To develop learning skills and reading skill | June | English Teacher |
| 7 | പരിസ്ഥിതി ദിനാചരണം | ജൂൺ | സയൻസ് അധ്യാപിക |
| 8 | ഗണിത ശില്പശാല | ജൂൺ | ഗണിത അധ്യാപിക |
| 9 | സ്കൂൾ പത്രം | ജൂൺ | മലയാളം അധ്യാപകർ |
| 10 | ക്ലാസ് ലൈബ്രറി | ജൂൺ | മലയാളം അധ്യാപകർ |
| 11 | ടാലന്റ് കോർണർ | ജൂൺ | കലാ അധ്യാപകർ |
| 12 | To develop listening and reading skills | June | English Teacher |
| 13 | ഭാഷാ വികസനം, സുരീലി ഹിന്ദി പ്രവർത്തനങ്ങൾ | ജൂൺ | ഹിന്ദി അധ്യാപിക |
| 14 | പരീക്ഷണ ശില്പശാല | ജൂൺ | സയൻസ് അധ്യാപകർ |
| 15 | ചരിത്ര സ്മാരകങ്ങൾ ആൽബം | ജൂൺ | സോഷ്യൽ സയൻസ് അധ്യാപകർ |
| 16 | ചരിത്രസ്മാരകങ്ങൾ ആൽബം | ജൂൺ | സോഷ്യൽ സയൻസ് അധ്യാപകർ |
| 17 | കോണുകൾ അളക്കാം വരയ്ക്കാം | ജൂൺ | ഗണിത അധ്യാപകർ |
| 18 | കായിക മാനസിക ആരോഗ്യം വർദ്ധിപ്പിക്കൽ | ജൂൺ | കായിക അധ്യാപകർ |
| 19 | To Study Alphabets,Speaking English<br>Impeccable English<br>Nuturing Creativity | ജൂൺ | അധ്യാപകർ |

| ക്രമ. നം. | പ്രവർത്തനങ്ങൾ | മാസം | ചുമതല |
|---|---|---|---|
| 20 | ശേഖരണം, ദിനാചരണങ്ങൾ | ജൂൺ | അധ്യാപകർ |
| 21 | ശാസ്ത്രവാർത്തകൾ, ചിത്രങ്ങൾ | ജൂൺ | അധ്യാപകർ |
| 22 | ലഘുപരീക്ഷണങ്ങൾ | ജൂൺ | സയൻ അധ്യാപകർ |
| 23 | ഐ.ടി.ശില്പശാല | ജൂൺ | ഗണിത അധ്യാപകർ |
| | ഗണിത ക്ലിനിക് | | |
| 24 | എഴുത്തുപ്പുര | ജൂൺ | മലയാളം അധ്യാപകർ |
| 25 | Reading corner Library | June | English Teacher |
| 26 | കളിയിൽ നിന്ന് കാര്യത്തിലേയ്ക്ക് ഓർമ്മചെപ്പ്, ഫീൽഡ് ട്രിപ്പ്, വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേയ്ക്ക് | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 27 | വായന മെച്ചപ്പെടുത്തൽ | ജൂലൈ | ക്ലാസ് അധ്യാപിക |
| 28 | Reading & Writing | July | English Teacher |
| 29 | പരിസര നിരീക്ഷണം | ജൂലൈ | ക്ലാസ് അധ്യാപിക |
| 30 | ഗണിത കിറ്റ് നിർമ്മാണം | ജൂലൈ | ഗണിത അധ്യാപിക |
| 31 | മലയാളത്തിളക്കം | ജൂലൈ | മലയാളം അധ്യാപിക |
| 32 | Listening skills and reading skills | July | English Teacher |
| 33 | ഡോക്യുമെന്ററി പ്രദർശനം | ജൂലൈ | എക്കോക്ലബ് |
| 34 | പൂന്തോട്ടനിർമ്മാണം | ജൂലൈ | EVS അധ്യാപിക |
| 35 | ഗണിത വിജയപ്രവർത്തനങ്ങൾ | ജൂലൈ | ഗണിത അധ്യാപിക |
| 36 | സ്വതന്ത്രവായന, കഥ | ജൂലൈ | മലയാളം അധ്യാപകർ |
| 37 | ഹിന്ദി ക്ലബ്, ഹിന്ദി ദിവസ് ഹിന്ദി ഭാഷാ അസംബ്ലി | ജൂലൈ | ഹിന്ദി അധ്യാപിക |
| 38 | കൈത്തൊഴിൽ പരിശീലനം | ജൂലൈ | പ്രവൃത്തി പരിചയം അധ്യാപകർ |
| 39 | ജിയോജിബ്ര പരിശീലനം | ജൂലൈ | ഗണിത അധ്യാപകർ |
| 40 | വായന ലളിതമാക്കാം | ജൂലൈ | ക്ലാസ് അധ്യാപിക |
| 41 | ജൈവ വൈവിധ്യ പാർക്ക് നിരീക്ഷണം | ജൂലൈ | ക്ലാസ് അധ്യാപിക |

| ക്രമ. നം. | പ്രവർത്തനങ്ങൾ | മാസം | ചുമതല |
|---|---|---|---|
| 42 | വീട്ടിലെ പൂന്തോട്ടം | ജൂലൈ | EVS അധ്യാപിക |
| 43 | മഴവില്ലുണ്ടാകുന്നതെങ്ങനെ? വർണ്ണപമ്പരം | ജൂലൈ | സയൻസ് അധ്യാപകർ |
| 44 | സ്കൂൾ ടാലന്റ് ലാബ് | ജൂലൈ | മലയാളം അധ്യാപകർ |
| 45 | Speaking skills | August | English Teacher |
| 46 | പ്രകൃതി നടത്തം | ആഗസ്റ്റ് | EVS അധ്യാപിക |
| 47 | ഉല്ലാസഗണിതം | ആഗസ്റ്റ് | ഗണിത അധ്യാപിക |
| 48 | അക്ഷരക്കൊയ്ത്തുകൾ | ആഗസ്റ്റ് | മലയാളം അധ്യാപിക |
| 49 | Writing skills | August | English Teacher |
| 50 | ഹിന്ദി കമ്പ്യൂട്ടിംഗ് പരിശീലനം | ആഗസ്റ്റ് | ഹിന്ദി അധ്യാപിക |
| 51 | ഫീൽഡ് ട്രിപ്പ് | ആഗസ്റ്റ് | സോഷ്യൽ സയൻസ് അധ്യാപകർ |
| 52 | ഗണിത പഠനോപകരണ ശില്പശാല | ആഗസ്റ്റ് | ഗണിത അധ്യാപകർ |
| 53 | ഗണിതലാബ് നിർമ്മാണം | ആഗസ്റ്റ് | ഗണിത അധ്യാപകർ |
| 54 | വായനക്കളികൾ, കൂട്ടിക്കൂട്ടങ്ങൾ | ആഗസ്റ്റ് | ക്ലാസ് അധ്യാപിക |
| 55 | Speaking skills | August | English Teacher |
| 56 | Reading skills | August | English Teacher |
| 57 | സസ്യ നിരീക്ഷണം | സെപ്തംബർ | സയൻസ് അധ്യാപിക |
| 58 | അടിക്കുറിപ്പ് തയ്യാറാക്കൽ | സെപ്തംബർ | ക്ലാസ് അധ്യാപിക |
| 59 | പരീക്ഷണ ശില്പശാല | സെപ്തംബർ | സയൻസ് അധ്യാപകർ |
| 60 | ഡിജിറ്റൽ മാഗസിൻ | സെപ്തംബർ | ഐ.ടി.അധ്യാപകർ |
| 61 | വ്യക്തി ശുചിത്വം | സെപ്തംബർ | ക്ലാസ് അധ്യാപികർ |
| 62 | കഥാരചന, കാർട്ടൂണുകൾ | ഒക്ടോബർ | ക്ലാസ് അധ്യാപിക |
| 63 | Reading skills | October | English Teacher |
| 64 | നിരീക്ഷണക്കുറിപ്പുകൾ | ഒക്ടോബർ | ക്ലാസ് അധ്യാപിക |
| 65 | കഥ പറയാം എഴുതാം | ഒക്ടോബർ | ക്ലാസ് അധ്യാപിക |
| 66 | To improve thoughts and feelings | October | English Teacher |
| 67 | കഥ പറയൽ | ഒക്ടോബർ | ക്ലാസ് അധ്യാപിക |

| ക്രമ. നം. | പ്രവർത്തനങ്ങൾ | മാസം | ചുമതല |
|---|---|---|---|
| 68 | സംഭാഷണം | നവംബർ | ക്ലാസ് അധ്യാപിക |
| 69 | ഇലകൾ ആൽബം | നവംബർ | EVS അധ്യാപിക |
| 70 | വായനക്കുറിപ്പുകൾ | നവംബർ | ക്ലാസ് അധ്യാപിക |
| 71 | To express thoughts feelings .etc. | November | English Teacher |
| 72 | പൂന്തോട്ട നിർമ്മാണം | നവംബർ | EVS അധ്യാപിക |
| 73 | ടാലന്റ് ലാബ് | നവംബർ | കലാ അധ്യാപകർ |
| 74 | കൃഷിത്തോട്ട നിർമ്മാണം | നവംബർ | സയൻസ് അധ്യാപകർ |
| 75 | ഭൂപട വായന | നവംബർ | സോഷ്യൽ സയൻസ് അധ്യാപകർ |
| 76 | ഗണിതലാബ് തുടർച്ച | നവംബർ | ഗണിത അധ്യാപകർ |
| 77 | കൈത്തൊഴിൽ പരിശീലനം | നവംബർ | പ്രവൃത്തി പരിചയ അധ്യാപകർ |
| 78 | ഡിജിറ്റൽ മാഗസിൻ | നവംബർ | ഐ.ടി.അധ്യാപകർ |
| 79 | English Radio, Treasure Hunt | November | English Teacher |
| 80 | വായനക്കാർഡുകൾ | ഡിസംബർ | ക്ലാസ് അധ്യാപിക |
| 81 | Writing skills | December | English Teacher |
| 82 | ഫീൽഡ്ട്രിപ്പ് | ഡിസംബർ | EVS അധ്യാപിക |
| 83 | ഉല്ലാസഗണിതം | ഡിസംബർ | ക്ലാസ് അധ്യാപിക |
| 84 | വായന മൂല | ഡിസംബർ | ക്ലാസ് അധ്യാപിക |
| 85 | വായന കാർഡ് | ഡിസംബർ | ക്ലാസ് അധ്യാപിക |
| 85 | Reading skills & writing skill | December | English Teacher |
| 86 | ഫീൽഡ്ട്രിപ്പ് | ഡിസംബർ | എക്കോ ക്ലബ് |
| 87 | കുട്ടിക്കട | ഡിസംബർ | ഗണിത അധ്യാപിക |
| 88 | Develop creative speaking and writing | December | English Teacher |
| 89 | ഹിന്ദി ഗ്രന്ഥശാല. ആസ്വാദന കുറിപ്പുകൾ | ഡിസംബർ | ഹിന്ദി അധ്യാപിക |
| 90 | ജൈവ വൈവിധ്യ ഉദ്യാനം വിപുലീകരണം | ഡിസംബർ | സയൻസ് ക്ലബ് |

| ക്രമ. നം. | പ്രവർത്തനങ്ങൾ | മാസം | ചുമതല |
|---|---|---|---|
| 91 | ഭൂപടചരിത്രം | ഡിസംബർ | സോഷ്യൽ സയൻസ് അധ്യാപകർ |
| 92 | ഗണിതപഠന സാമഗ്രിനിർമ്മാണം | ഡിസംബർ | ഗണിത അധ്യാപകർ |
| 93 | കായികഗ്രാമം പദ്ധതി പരിശീലനം | ഡിസംബർ | കായിക അധ്യാപകർ |
| 94 | കുഞ്ഞെഴുത്ത് | ജനുവരി | ക്ലാസ് അധ്യാപിക |
| 95 | Writing skills | January | English Teacher |
| 96 | പരീക്ഷണക്കുറിപ്പുകൾ | ജനുവരി | EVS അധ്യാപിക |
| 97 | ക്ലാസ് ലൈബ്രറി വിപുലീകരണം | ജനുവരി | ക്ലാസ് അധ്യാപകർ |
| 98 | Reading skill | January | English Teacher |
| 99 | സങ്കലന, വ്യവകലന ക്രിയകൾ | ജനുവരി | ക്ലാസ് അധ്യാപിക |
| 100 | മലയാളം ക്ലബ് | ജനുവരി | മലയാളം അധ്യാപകൻ |
| 101 | സുരീലി ഹിന്ദി പ്രവർത്തനങ്ങൾ<br>ഹിന്ദി ഭാഷാ പുതം ത്യോഹാറുകൾ | ജനുവരി | ഹിന്ദി അധ്യാപിക |
| 102 | കർഷകനുമായി അഭിമുഖം | ജനുവരി | സയൻസ് അധ്യാപകർ |
| 103 | ഗണിതലാബ് പ്രവർത്തനങ്ങൾ | ജനുവരി | ഗണിത അധ്യാപകർ |
| 104 | കൈത്തൊഴിൽ നിർമ്മാണം | ജനുവരി | ഗാന്ധി ദർശൻ ക്ലബ് |
| 105 | ചിത്രകഥാപുസ്തകങ്ങൾ | ഫെബ്രുവരി | ക്ലാസ് അധ്യാപിക |
| 106 | English Magazine | February | English Teacher |
| 107 | വിത്തുമുളപ്പിക്കൽ പരീക്ഷണം | ഫെബ്രുവരി | EVS അധ്യാപിക |
| 108 | വായനോത്സവം | ഫെബ്രുവരി | ക്ലാസ് അധ്യാപിക |
| 109 | To imporve the presentation power | February | English Teacher |
| 110 | My proplets, Alert Zone | February | English Teacher |
| 111 | അബാക്കസ് നിർമ്മാണം | ഫെബ്രുവരി | ക്ലാസ് അധ്യാപിക |
| 112 | കൃഷി ആൽബം | ഫെബ്രുവരി | സയൻസ്അധ്യാപകർ |
| 113 | ലോഷൻ നിർമ്മാണം | ഫെബ്രുവരി | ഗാന്ധിദർശൻ ക്ലബ് |
| 114 | ഡയറി എഴുത്ത്. അവതരണം | മാർച്ച് | ക്ലാസ് അധ്യാപിക |

| ക്രമ. നം. | പ്രവർത്തനങ്ങൾ | മാസം | ചുമതല |
|---|---|---|---|
| 115 | ഉല്ലാസഗണിതം | മാർച്ച് | ക്ലാസ് അധ്യാപിക |
| 116 | കുട്ടികളുടെ സൃഷ്ടികൾ | മാർച്ച് | വിദ്യാരംഗം കലാ സാഹിത്യവേദി |
| 117 | To imporve the presentation power | March | English Teacher |
| 118 | കൃഷി ഉത്സവം | മാർച്ച് | എക്കോക്ലബ് |
| 119 | ഗണിതകിറ്റുകൾ | മാർച്ച് | ക്ലാസ് അധ്യാപിക |
| 120 | ടാലന്റ് കോർണർ | മാർച്ച് | കലാ അധ്യാപകർ |
| 121 | ഹിന്ദി ചുമർപത്രികകൾ | മാർച്ച് | ഹിന്ദി അധ്യാപിക |
| 122 | ടാലന്റ് കോർണർ | മാർച്ച് | മലയാളംഅധ്യാപകൻ |

## ഉപസംഹാരം

ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി നേടേണ്ട പഠനനേട്ടങ്ങൾ ഓരോ വിദ്യാർത്ഥിയ്ക്കും തുല്യതയോടെ ലഭിയ്ക്കത്തക്കവിധം മെച്ചപ്പെട്ട പഠനരീതികളും മികച്ച പഠനാന്തരീക്ഷവും ഉറപ്പുവരുത്തി എല്ലാ കുട്ടികളെയും മികവിലേയ്ക്കുയർത്താൻ കഴിയുമെന്നതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ സവിശേഷത. പഠനവിടവുകളും പഠനനഷ്ടവും പരിഹരിയ്ക്കാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

"Education is the most powerful weapon

Which you can use to change the world"

**- APJ Abdul Kalam**

ഞങ്ങൾ തയ്യാറാക്കിയ പ്രവർത്തനങ്ങൾ ഞങ്ങളുടെ വിദ്യാലയത്തിന് വേണ്ടിയാണ്. അറിവുകൾ തേടി വിദ്യാലയത്തിലെത്തുന്ന ഓരോ കുഞ്ഞുമക്കൾക്കും വേണ്ടി ഞങ്ങൾ ഇത് സമർപ്പിക്കുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## നിർവ്വഹണ പദ്ധതി

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ.ബി.വി.യു.പി.എസ്, കീഴാറ്റിങ്ങൽ |
| വിഭാഗം | : | എൽ.പി (STD 1 & 2) |
| വിഷയം | : | ഭാഷ |
| അവസ്ഥാവിശകലനം | : | സ്വന്തം ആശയങ്ങൾ കുട്ടികൾക്ക് ലഘുവാക്യത്തിലൂടെ പ്രകടിപ്പിക്കാൻ കഴിയാത്ത അവസ്ഥ |
| മേഖല | : | സ്വതന്ത്രവായന |
| പ്രതീക്ഷിത നേട്ടങ്ങൾ | : | ◆ എല്ലാം കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുവാനുള്ള കഴിവു നേടുന്നു.<br>◆ ഒന്ന്, രണ്ട് ക്ലാസ്സുകളിലെ എല്ലാ കുട്ടികളെയും ലളിതമായ ബാല സാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക. |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | വായന | • ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു. രക്ഷിതാക്കൾക്ക് കഥ പറയാൻ പരിശീലനം | ജൂൺ | ക്ലാസ്സ് അധ്യാപിക | 1000.00 | |
| 2 | വായന | • ടീച്ചർ പുസ്തകങ്ങൾ ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.<br>• വീട്ടുവായന - രക്ഷിതാക്കൾ/മുതിർന്നവർ പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുന്നു<br>• കേട്ട കഥയിലെ ആശയങ്ങളെ ചിത്രീകരിക്കുന്നു. പ്രദർശിപ്പിക്കുന്നു.<br>• ചിത്രങ്ങൾക്ക് രക്ഷിതാവിന്റെ സഹായത്തോടെ അടിക്കുറിപ്പെഴുതൽ.<br>• ക്ലാസ് ലൈബ്രറി സജ്ജമാക്കുന്നു.<br>• ഡിജിറ്റൽ സാധ്യതകളിലൂടെ കഥ കാണാനും കേൾക്കാനും പുനരവതരണത്തിനുമുള്ള സാധ്യതകൾ ഒരുക്കുന്നു. | ജൂലൈ ആഗസ്റ്റ് | ക്ലാസ്സ് അധ്യാപിക | 2000.00 | |
| 3 | | • ഡിജിറ്റൽ സാധ്യതകൾ, വായനകേളികൾ എന്നിവയുപയോഗിച്ച് വായനയിലേയ്ക്ക് കുട്ടികളെ ആകൃഷ്ടരാക്കൽ | സെപ്തംബർ ഒക്ടോബർ | | | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | | • ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു.<br>• ചിത്രങ്ങൾക്ക് ലളിതമായ അടിക്കുറിപ്പെഴുതൽ, അവതരണം<br>• കൂട്ടവായന - കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ച് ചിത്ര കഥാവായന നടത്തുന്നു. | | | | |
| 4 | | • ലളിതമായ വായനാകാർഡുകൾ സഹായത്തോടെ വായിക്കുന്നു.<br>• വേദികളിൽ ധൈര്യമായി കഥ പറയുന്നു<br>• കാർട്ടൂണുകൾക്ക് സംഭാഷണമെഴുതൽ, അവതരിപ്പിക്കുന്നു. | ഒക്ടോബർ നവംബർ | ക്ലാസ്സ് അധ്യാപിക | 500.00 | |
| 5 | | • ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു.<br>• വായനകാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു, പ്രദർശിപ്പിക്കുന്നു. എല്ലാ കുട്ടികൾക്കും വായനയ്ക്ക് അവസരം ഒരുക്കുന്നു. | ഡിസംബർ | ക്ലാസ്സ് അധ്യാപിക | | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 6 | | • ചെറിയ ചെറിയ ബാലസാഹിത്യകൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു.<br>• രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു<br>• കുഞ്ഞെഴുത്ത് - കുട്ടികളെ എഴുത്തിന്റെ ലോകത്തിലേയ്ക്ക് എത്തിക്കുന്നതിനായി ചെറുരചനാ ശില്പശാലകൾ സംഘടിപ്പിക്കുന്നു. | ജനുവരി | ക്ലാസ്സ് അധ്യാപിക | 1000.00 | |
| 7 | | • ചിത്രകഥാ പുസ്തകങ്ങൾ വായിക്കുന്നു.<br>• ക്ലാസ് ലൈബ്രറിയിൽ ഒരുക്കിയ 10 പുസ്തകങ്ങളെങ്കിലും ഓരോ കുട്ടിയും വായിക്കുന്നതിന് അവസരമൊരുക്കുന്നു<br>• കഥ പൂർത്തിയാക്കൽ പ്രവർത്തനം നൽകുന്നു, അവതരിപ്പിക്കുന്നു. | ഫെബ്രുവരി<br>മാർച്ച് | ക്ലാസ്സ് അധ്യാപിക | | |
| 8 | | • ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.<br>• ഓരോ കുട്ടിയുടെയും സർഗ്ഗാത്മക രചനകൾ ഉൾപ്പെടുത്തി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക | മാർച്ച് | ക്ലാസ്സ് അധ്യാപിക | | |

# ACADEMIC MASTER PLAN

| | | |
|---|---|---|
| Name of School | : | Govt.BVUPS, Keezhattingal |
| Section | : | LP (STD 1 & 2) |
| Subject | : | English |
| Condition Analysis | : | Not all children can read or write simple words |
| Zone | : | Reading and Writing |
| Expected | : | To Speak, Read and write English without any mistakes |
| | | To develop listening skills and reading skills. |

| Sl. No. | Zone | Activities | Duration | Executive Duty | Finance | Remarks |
|---|---|---|---|---|---|---|
| 1 | Reading | Games, Action songs, Hello English Activities (Use ICT CE cube English Learning) | June July | Class Teacher | 1000.00 | |
| 2 | | Speaking skills-picture reading picture description, self introduction, Assembly activities, riddles etc. | August September | | | |
| 3 | | Reading skills - simple words reading, Reading cards, small library book and complete text book activities. | September October | | | |
| 4 | | Writing skills make word web, word chain, make words and sentence make riddles. Add more lines and text book activities. | December January | | | |
| 5 | | Make English Magazines and presenting | February March | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## നിർവ്വഹണ പദ്ധതി

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ.ബി.വി.യു.പി.എസ്, കീഴാറ്റിങ്ങൽ |
| വിഭാഗം | : | എൽ.പി (STD I & 2) |
| വിഷയം | : | പരിസരപഠനം |
| അവസ്ഥാവിശകലനം | : | ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും കഴിയാത്ത അവസ്ഥ |
| മേഖല | : | നിരീക്ഷണം |
| പ്രതീക്ഷിത നേട്ടങ്ങൾ | : | ♦ തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക. |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | നിരീക്ഷണം | • രക്ഷിതാക്കളുടെ സഹായത്തോടെ വീടും പരിസരവും നിരീക്ഷിക്കുന്നു.<br>• നിരീക്ഷിച്ച കാര്യങ്ങൾ ഓരോ കുട്ടിയ്ക്കും ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>• ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ (എല്ലാ മാസവും നിരീക്ഷണം, അവതരണം) | ജൂൺ | ക്ലാസ്സ് അധ്യാപിക | 2000.00 | |
| 2 | | • ടീച്ചറിന്റെ സഹായത്തോടെ സ്കൂളും പരിസരവും നിരീക്ഷിക്കാൻ അവസരം നൽകുന്നു.<br>• നിരീക്ഷിച്ച കാര്യങ്ങൾ ക്ലാസിൽ അവതരിപ്പിക്കാനും ചർച്ചയ്ക്കും അവസരം<br>• സ്കൂളിലെ ജൈവ വൈവിധ്യപാർക്കും അവിടെ എത്തുന്ന ജീവികളെയും നിരീക്ഷിക്കുന്നു. അവതരിപ്പിക്കുന്നു. | ജൂലൈ | ക്ലാസ്സ് അധ്യാപിക | 1000.00 | |
| 3 | | • പ്രകൃതി നടത്തം . നിരീക്ഷിച്ച കാര്യങ്ങൾ ചിത്രത്തിലൂടെ പ്രകടിപ്പിക്കുന്നു നിറം നൽകുന്നു പ്രദർശിപ്പിക്കുന്നു | ആഗസ്റ്റ് | | | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | | • നിരീക്ഷിച്ച കാര്യങ്ങൾ ലിസ്റ്റ് ചെയ്യുന്നു. (ടീച്ചറിന്റെ സഹായത്തോടെ അവതരിപ്പിക്കുന്നു.) | | | | |
| 4 | | • സസ്യങ്ങളുടെ പേരുകൾനൽകി കുട്ടികളെ ഗ്രൂപ്പ് തിരിക്കുന്നു. കിട്ടിയ സസ്യത്തെ നിരീക്ഷിച്ച് മനസിലാക്കിയ കാര്യങ്ങൾ രക്ഷിതാക്കളുടെയും ടീച്ചറിന്റെയും സഹായത്തോടെ രേഖപ്പെടുത്തുന്നു. രേഖപ്പെടുത്തിയവ ഗ്രൂപ്പുകളായി അവതരിപ്പിക്കുന്നു. ചർച്ച ചെയ്യുന്നു. | സെപ്തംബർ | | | |
| 5 | | • ജീവികളുടെ പേരുകൾ നൽകി കുട്ടികളെ ഗ്രൂപ്പ് തിരിക്കുന്നു. നിരീക്ഷിച്ച കാര്യങ്ങൾ മുതിർന്നവരുടെ സഹായത്തോടെ രേഖപ്പെടുത്തുന്നു. ഗ്രൂപ്പുകൾ ക്ലാസിൽ അവതരിപ്പിക്കുന്നു. ചർച്ച ചെയ്യുന്നു. | ഒക്ടോബർ | ക്ലാസ് അധ്യാപിക | | |
| 6 | | • വിവിധതരം ഇലകൾ ശേഖരിക്കുന്നു. ഇല ആൽബം നിർമ്മിക്കുന്നു. പേരുകൾ തിരിച്ചറിയുന്നു. അവയുടെ പ്രത്യേകതകൾ നിരീക്ഷിക്കുന്നു, കണ്ടെത്തുന്നു, അവതരിപ്പിക്കുന്നു. | നവംബർ | | | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 7 | | • ഫീൽഡ് ട്രിപ്പ്. നിരീക്ഷിച്ച കാര്യങ്ങൾ ക്ലാസിൽ ചർച്ച ചെയ്യുന്നു. ടീച്ചറിന്റെ സഹായത്തോടെ രേഖപ്പെടുത്തുന്നു. അവതരിപ്പിക്കുന്നു. | ഡിസംബർ | | 2000.00 | |
| 8 | | • വിത്ത് മുളപ്പിക്കൽ - രക്ഷിതാവിന്റെ സഹായത്തോടെ പരീക്ഷണം ചെയ്യുന്നു. ഉണ്ടാകുന്ന മാറ്റങ്ങൾ ആഴ്ചതോറും നിരീക്ഷിച്ച് ക്ലാസിൽ അവതരിപ്പിക്കുന്നു ടീച്ചറിന്റെ സഹായത്തോടെ രേഖപ്പെടുത്തുന്നു<br>• പരീക്ഷണത്തിന്റെ വിവിധ ഘട്ടങ്ങൾ ചർച്ച ചെയ്ത് ഒരു നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു | ജനുവരി മുതൽ മാർച്ച് വരെ | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## നിർവ്വഹണ പദ്ധതി

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ.ബി.വി.യു.പി.എസ്, കീഴാറ്റിങ്ങൽ |
| വിഭാഗം | : | എൽ.പി (STD 1 & 2) |
| വിഷയം | : | ഗണിതം |
| അവസ്ഥാവിശകലനം | : | സംഖ്യകൾ എണ്ണിയെടുക്കാനും തിരിച്ചറിയാനും എഴുതാനും കഴിയാത്ത അവസ്ഥ, ചതുഷ്ക്രിയകൾ നിർദ്ധാരണം ചെയ്യാൻ കഴിയാത്ത അവസ്ഥ. |
| മേഖല | : | സംഖ്യാബോധം |
| പ്രതീക്ഷിത നേട്ടങ്ങൾ | : | ഒരക്ക സംഖ്യകൾ എണ്ണിയെടുക്കുന്നതിനും എഴുതാനും വായിക്കാനും, ഒരക്ക സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിലാക്കൽ, രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം, വിശകലനം, ഒരക്ക സംഖ്യാവ്യാഖ്യാനം. |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സംഖ്യാ ബോധം | ● എല്ലാ കുട്ടികൾക്കും ഗണിത കിറ്റ് ഉറപ്പാക്കുക. | ജൂൺ | ക്ലാസ്സ് അധ്യാപിക | 2000.00 | |
| 2 | | ● പഠനസാമഗ്രികൾ രക്ഷിതാക്കൾക്ക് പരിചയപ്പെടുത്തി സമാനസാധ്യതകൾ ഗണിതകിറ്റിൽ തയ്യാറാക്കുന്നു. കൂടെ ഒരു ശില്പശാല നടത്തുന്നു. | ജൂലൈ | | | |
| 3 | | ● ഉല്ലാസ ഗണിതത്തിലെ ഒന്നു മുതലുള്ള പ്രവർത്തനങ്ങൾ, കളികൾ ക്രമത്തിന് ക്ലാസിൽ ചെയ്യുന്നു. രക്ഷിതാക്കൾക്ക് വീഡിയോ അയക്കുന്നു. വീട്ടിലും കളികൾ തുടരാൻ നിർദ്ദേശം നൽകുന്നു. ടെക്സ്റ്റ് ബുക്ക് പ്രവർത്തനങ്ങൾ തുടരുന്നു. | ആഗസ്റ്റ് മുതൽ മാർച്ച് വരെ | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## നിർവ്വഹണ പദ്ധതി

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ.ബി.വി.യു.പി.എസ്, കീഴാറ്റിങ്ങൽ |
| വിഭാഗം | : | എൽ.പി |
| വിഷയം | : | മലയാളം |
| അവസ്ഥാവിശകലനം | : | വായന, എഴുത്ത് എന്നീ മേഖലകളിൽ പ്രശ്നം നേരിടുന്നു. |
| പ്രതീക്ഷിത നേട്ടങ്ങൾ | : | • ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം)<br>• കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം)<br>• കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഭാഷാപരമായപിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | ● ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.<br>● അടയാളം ഉറപ്പിക്കൽ ചിത്ര സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ<br>**അക്ഷരക്കാർഡ്, വാക്കുകൾ എഴുതിയ കാർഡ്**<br>അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ<br>വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ<br>**ചിത്രം – അടിക്കുറിപ്പ്**<br>ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ<br>അധ്യാപികയുടെ സഹായത്തോടെ എഴുതൽ<br>**കഥ – ബാക്കി പറയൽ – എഴുതൽ**<br>ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്നു. ബാക്കി പറയിപ്പിക്കുന്നു. എഴുതുന്നു.<br>**കഥാപുസ്തകം നൽകൽ**<br>വായന, കുറിപ്പ് തയ്യാറാക്കൽ, അവതരണം<br>**സി.ഡി.പ്രദർശനം**<br>ചിത്രം അടങ്ങിയ സി.ഡി പ്രദർശിപ്പിക്കുന്നു.<br>ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം<br>എഴുതാനവസരം | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>സെപ്തംബർ<br>ഒക്ടോബർ<br>നവംബർ | | | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | കുട്ടികളെ മികച്ച വായനക്കാരാക്കുക (വായനക്കൂട്ടം) | **ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ**<br>ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന ഗ്രൂപ്പ് ആക്കുന്നു.<br>**വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ**<br>കുട്ടികളുടെ സഹകരണത്തോടെ വായനാസാമഗ്രികൾ ഉൾപ്പെടുത്തി ഒരു ക്ലാസ് ലൈബ്രറി സജ്ജമാക്കുന്നു.<br>**വായനോത്സവം സംഘടിപ്പിക്കൽ**<br>വായനാക്കുറിപ്പ്, ആസ്വാദക്കുറിപ്പ് പ്രകാശനം അധ്യാപകർ പുസ്തകം പരിചയപ്പെടുത്തൽ വായിച്ച കൃതികളുടെ രംഗാവിഷ്കാരം എന്നിവയുടെ അവതരണം.<br>**പത്രവായന**<br>വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്രക്വിസ്, വാർത്ത തയ്യാറാക്കൽ പുതിയ അറിവ് കണ്ടെത്തൽ.<br>**വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം**<br>വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം സ്വന്തം സൃഷ്ടികൾ പരിചയപ്പെടുത്തൽ സാഹിത്യ കാരന്മാരെ സ്കൂളിലേക്ക് ക്ഷണിക്കൽ | ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി<br>ജനുവരി<br>മാർച്ച് | | | |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണാ സംവിധാനങ്ങൾ | റിമാർക്സ് |
|---|---|---|---|---|---|
| 1 | [illegible] ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക. | ജൂൺ മാർച്ച് | അധ്യാപകൻ | |
| | | | | | |

# ACADEMIC MASTER PLAN

## PROJECT EXECUTION

| | | |
|---|---|---|
| Name of School | : | Govt.BVUPS, Keezhattingal |
| Section | : | LP |
| Subject | : | English |
| Aim | : | To speak, Read and write English without any mistakes |
| Time | : | June to March |
| Pre-test | : | To check the vacabulary and writing skills of pupils |

| Sl. No. | L.O.S | Activities | Duration | Executive Duty | Remarks |
|---|---|---|---|---|---|
| 1 | To develop listening skill reading skills | a) Listening skills<br>1) Games, Action song, Hello English activities<br>2) Conversations, Skit, Stories use ICT (E- cube English)<br>b) Speaking Skills<br>1) Identify the naming words from the picture.<br>2) Identify the action words the same picture.<br>3) Make simple sentence using the action word and naming words about the picture.<br>Other activities : Riddles, self introduction etc. | June and July | | |
| 2 | Develop creative speaking and writing | **Reading skills**<br>1) News paper reading, Library books/ reading cards reading (Ecube English)<br>2) Find words | | | |

| Sl. No. | L.O.S | Activities | Duration | Executive | Remarks |
|---|---|---|---|---|---|
| | | 3) Collect and read past tense<br>4) Rhyming words<br>5) Describing words etc<br>6) Text book activities<br>**<u>Writing Skills</u>**<br>1) Make word web<br>2) Picture description with decribing words<br>3) Word chain<br>4) Make words & sentences<br>5) Make riddles, conversations<br>6) Add more lines<br>7) Make reading cards other activities, riddles, self introduction | August and September | | |
| 3 | To express thoughts feelings etc | 1) Develop creative speaking and writing<br>2) To express thought, feelings etc.<br>**<u>Reading skill</u>**<br>1) News paper reading library/ books word card reading | October and November<br><br>December & January | 1000.00 | |

| Sl. No. | L.O.S | Activities | Duration | Executive | Remarks |
| --- | --- | --- | --- | --- | --- |
| | | 2) Reads diary<br>3) Reads letters from friends<br>**Writing Skill**<br>1) Diary<br>2) Letter<br>3) Announcement | | | |
| 4 | To improve the presentation power | **Reading Skill**<br>1) News paper reading, Libaray/ card books reading<br>2) Reads breaking news<br>3) Develop story<br>4) Reads diary<br>5) Reads letter from friends<br>Writing Skill<br>1) Diary<br>2) Letter<br>3) Announcement<br>4) Description<br>5) Notic Proclamation<br>6) Thought | Febuary and March | | |

| Sl. No. | L.D.S | Activities | Duration Duty | Executive | Remarks |
|---|---|---|---|---|---|
| 1 | To study alphabets (For backward Children<br>To study, write and read simple words<br>Creat more opporativities for speaking English in the class room | Pre -test<br>Write simple words<br>Circle the word from T.B and read<br><br>Class room communication should be in English | June-July<br><br>August<br>September<br>The whole academic year | Class Teacher<br>Students | |
| 2 | To read speak and write effectively | English Assembly | Once in a week | Class Teacher | |
| 3 | Impeccable English | English Diary<br>Write about any special events in English | Thrice in a week | Class Teacher | |
| 4 | Nurturing Creativity | **English Theatre**<br>Presention of stories and poems in the form of covveration role play and story telling | Once in a Month | Class Teacher | |
| 5 | English Reading | **English corner**<br>Make a reading cores including suitable books chances for reading and prestation of its feed back/book review | Twice in a Month | Class Teacher | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## നിർവ്വഹണ പദ്ധതി

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ.ബി.വി.യു.പി.എസ്. കീഴാറ്റിങ്ങൽ |
| വിഭാഗം | : | എൽ.പി |
| വിഷയം | : | പരിസരപഠനം |
| മേഖല | : | പോസ്റ്റർ, പൂന്തോട്ട നിർമ്മാണം. ഫീൽഡ്ട്രിപ്പ്, പച്ചക്കറിത്തോട്ടനിർമ്മാണം |
| അവസരാവിശകലനം | : | കാർഷിക പ്രവർത്തനങ്ങളിൽ താൽപ്പര്യമില്ലായ്മ, പരിസ്ഥിതിയെ അറിയുന്നില്ല. |
| പ്രതീക്ഷിത നേട്ടങ്ങൾ | : | കുട്ടികളിൽ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പരിസ്ഥിതി ദിനാചരണം | • പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വീടുകളിൽ വൃക്ഷത്തൈ നടൽ<br>• പരിസ്ഥിതി സംരക്ഷണം പോസ്റ്റർ രചന നടത്തുന്നു. പ്രദർശനം സംഘടിപ്പിക്കുന്നു.<br>• പരിസ്ഥിതി സംരക്ഷണ ഗാനങ്ങൾ അവതരിപ്പിക്കുന്നു.<br>• പരിസ്ഥിതി പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന ഡോക്യുമെന്ററി പ്രദർശനം നടത്തുന്നു.<br>• പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണക്കാർ എന്ന വിഷയത്തിൽ ചർച്ച നടത്തുന്നു.<br>• ചർച്ചാക്കുറിപ്പ് തയ്യാറാക്കുന്നു<br>• അവതരിപ്പിക്കുന്നു. | ജൂൺ | Eco club | 1000.00 | |
| 2 | പൂന്തോട്ട നിർമ്മാണം | • കുട്ടികൾ കൊണ്ടുവരുന്ന ചെടികളുടെ വിത്തുകൾ പരസ്പരം കൈമാറി വീടുകളിൽ പൂന്തോട്ടം നിർമ്മിക്കുന്നു.<br>• പൂന്തോട്ട നിർമ്മാണം, പരിപാലനം തുടങ്ങിയവ ഉൾപ്പെടുന്ന വീഡിയോകൾ പ്രദർശിപ്പിക്കുന്നു<br>• പൂന്തോട്ട പരിപാലനം ചർച്ച നടത്തുന്നു.<br>ഭിന്നശേഷി കുട്ടികൾക്കും പ്രവർത്തനത്തിൽ പങ്കെടുക്കാനുള്ള സഹായവും നിർദ്ദേശവും നൽകുന്നു. | ജൂലൈ<br>നവംബർ | LVS<br>അധ്യാപിക | 1000.00 | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | | • വീട്ടിലെ പൂന്തോട്ടം ഫോട്ടോകൾ ക്ലാസ് ഗ്രൂപ്പിൽ പ്രദർശിപ്പിക്കുന്നു. | | | | |
| 3 | ഫീൽഡ് ട്രിപ്പ് | • 'വിവിധ ആവാസവ്യവസ്ഥകൾ' എന്ന വിഷയത്തിൽ ചർച്ച നടത്തുന്നു.<br>• നമുക്ക് ചുറ്റുമുള്ള ആവാസ വ്യവസ്ഥകൾ ലിസ്റ്റ് ചെയ്യുന്നു<br>• നെൽവയൽ, കുളം, കാവ് തുടങ്ങിയ സ്കൂൾ പരിസരത്തുള്ള ആവാസവ്യവസ്ഥകൾ സന്ദർശിച്ച് നിരീക്ഷണം നടത്തുന്നതിനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.<br>• നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക<br>• ഓരോ ആവാസ വ്യവസ്ഥയിലും കാണാൻ കഴിഞ്ഞ ജീവിയ ഘടകങ്ങൾ അജീവിയ ഘടകങ്ങൾ പട്ടികപ്പെടുത്തുന്നു.<br>• പരിസ്ഥിതിയുടെ നിലനിൽപ്പിന് ആവാസ വ്യവസ്ഥയുടെ പങ്ക് എത്രത്തോളമാണെന്ന് ചർച്ച ചെയ്യുന്നു<br>• കുറിപ്പ് തയ്യാറാക്കുന്നു | ഡിസംബർ | Eco club | 1000.00 | |
| 4 | സ്കൂളിലെ പച്ചക്കറി തോട്ടം | • കുട്ടികളുടെ നേതൃത്വത്തിൽ സ്കൂളിലൊരു പച്ചക്കറിത്തോട്ടം നിർമിക്കുന്നു.<br>• പച്ചക്കറിവിത്തുകൾ ശേഖരിക്കുന്നു. | ഡിസംബർ മാർച്ച് | Eco club | 3000.00 | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | | ● ഗ്രോബാഗിൽ മണ്ണ്, വളം എന്നിവ നിറയ്ക്കുന്നു തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികളിൽ സഹകരണ മനോഭാവം ഉണ്ടാക്കിയെടുക്കാൻ ഏറെ സഹായകമാണ് വളപ്രയോഗം, കീടനിയന്ത്രണം തുടങ്ങിയ വയെക്കുറിച്ചുള്ള വീഡിയോ പ്രദർശനം<br>● നാട്ടിലെ കർഷകനുമായി അഭിമുഖം നടത്തി കുട്ടികളുടെ സംശയങ്ങൾ ചോദിച്ച് മനസിലാക്കുന്നു. | | | | |
| 5 | കൃഷി ആൽബം | ● കൃഷിയുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ ശേഖരിച്ച് ആൽബം തയ്യാറാക്കുക. പ്രദർശിപ്പിക്കുക. | | | | |
| 6 | വ്യക്തി ശുചിത്വം | ● കൈ കഴുകൽ പരിശീലനം<br>● പോസ്റ്റർ നിർമ്മാണം<br>● ശുചിത്വ സന്ദേശങ്ങൾ തയ്യാറാക്കി സ്കൂളിന്റെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്തംബർ ഒക്ടോബർ | അധ്യാപകർ കുട്ടികൾ | | |
| 7 | ശാസ്ത്രപാ നവുമായി ബന്ധപ്പെട്ട വാർത്താകൾ ചിത്രങ്ങൾ | ● പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വാർത്തകൾചിത്രങ്ങൾ, അറിവുകൾ എന്നിവ ക്ലാസിൽഅവതരിപ്പിക്കുന്നു. ശാസ്ത്ര ചുമരിൽ പ്രദർശിപ്പിക്കുന്നു. | ജൂൺ | ക്ലാസ്സ് അധ്യാപിക | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## നിർവ്വഹണ പദ്ധതി

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ.ബി.വി.യു.പി.എസ്, കീഴാറ്റിങ്ങൽ |
| വിഭാഗം | : | എൽ.പി |
| വിഷയം | : | ഗണിതം |
| മേഖല | : | അബാക്കസ് നിർമ്മാണം, ഗണിത വിജയപ്രവർത്തനങ്ങൾ |
| അവസ്ഥാവിശകലനം | : | ചതുഷ്ക്രിയകൾ ചെയ്യുന്നതിലുള്ള പ്രയാസം |
| പ്രതീക്ഷിത നേട്ടങ്ങൾ | : | ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ ഗണിത ശേഷികൾ ഉറപ്പാക്കുക. |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
